# 'ദൈവ സൃഷ്ഠികളെക്കുറിച്ചുള്ള ഉദ്ദേശം'

## കൊലൊസ്സ്യർ 1:16

**"അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു."**

ഇന്ന് ഓരോ മനുഷ്യനും തന്നോട് തന്നെ ചോദിക്കുകയും ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു ചോദ്യമാണ്, ഞാൻ ആരാണ്? എന്റെ ജീവിതത്തിന്റെ ഉദ്ദേശം എന്താണ്? എന്ന്. എന്നാൽ മനുഷ്യൻ തന്റെ തന്നെ ഉള്ളിലേക്കും ചുറ്റുപാടുകളിലേക്കും നോക്കിക്കൊണ്ട് ഈ ചോദ്യം ചോദിക്കുന്നതിനാൽ ഉത്തരം കണ്ടെത്താനും പരാജയപ്പെടുന്നു. എന്നാൽ വചനം നമ്മെ ഓർമ്മിപ്പിക്കുന്നു "സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ സകലവും അവൻ മുാന്തരം അവനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു."

അതു കൊണ്ട് നമുക്ക് നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം മനസ്സിലാകണമെങ്കിൽ നമ്മെ സൃഷ്ടിച്ചവന്റെ അടുക്കലേക്ക് ഓടി എത്തണം. നമ്മിലേക്ക് നോക്കിയാൽ നമുക്ക് മനസ്സിലാക്കാൻ കഴിയില്ല, കാരണം നാം അല്ല നമ്മെ സൃഷ്ടിച്ചത്. ഈ സത്യം മനസ്സിലാക്കാതെ, ജീവിത ലക്ഷ്യം നേടാൻ പരിശ്രമിച്ചാൽ പലപ്പോഴും പരാജയപ്പെട്ടു പോയേക്കാം. വിജയിച്ചാൽ തന്നെയും അത് സൃഷ്ടാവ് ആഗ്രഹിക്കുന്ന രീതിയിലുള്ള ഒരു വിജയമായിരിക്കണമെന്നുമില്ല. അതു കൊണ്ട് നമ്മെ മെനഞ്ഞവന്റെ അരികിലേക്ക് ചെന്ന് അവനോട് ചോദിക്കാം; തമ്പുരാനെ എന്നെ പറ്റിയുള്ള ദൈവീക ഉദ്ദേശം എന്താണ്? അത് എന്നിൽ നിറവേറാൻ ഞാൻ എന്തു ചെയ്യണം. അപ്പോൾ തീർച്ചയായും അവൻ നമ്മെ ആ വഴിയിലൂടെ തന്നെ നയിക്കും. അപ്പോഴാണ് നമ്മെ കുറിച്ച് സൃഷ്ടാവ് സന്തോഷിക്കുന്നത്.

ഒരു റെഫ്രിജറേറ്ററിനെ നമുക്ക് വേണമെങ്കിൽ സാധനങ്ങൾ സൂക്ഷിക്കുന്ന ഒരു അലമാരയായും ഉപയോഗിക്കാം. പക്ഷെ അതിനെ നിർമ്മിച്ച വ്യക്തി അത് എന്തിന്നു വേണ്ടിയാണോ ഉണ്ടാക്കിയത് ആ ഉദ്ദേശം നടക്കാതെ പോകുന്നു. അവന്റെ പ്രയത്നം പാഴായി പോകുന്നു. അതു കൊണ്ട് അവന്റെ ഹൃദയം വേദനിക്കുന്നു. ഇന്ന് നമ്മുടെ ജീവിതവും പലപ്പോഴും ഇതുപോലെയല്ലേ എന്ന് ചിന്തിച്ചു നോക്കുക. അത്യുന്നതന്റെ കൈപ്പണിയായ നാം അവൻ വസിക്കുന്ന മന്ദിരമാകുന്ന നമ്മുടെ ശരീരങ്ങൾ, നാം എങ്ങനെ, എന്തിനായി ഉപയോഗിക്കുന്നു, എപ്രകാരം ഈ ലോകത്തിൽ ജീവിക്കുന്നു, എന്റെ ജീവിതം കാണുമ്പോൾ എന്റെ സൃഷ്ടാവിനു ഉണ്ടാകുന്നത് സന്തോഷമോ അതോ

വേദനയോ? ദൈവമക്കളായ നാം ഈ ലോകത്തിലേക്കോ ലോകശക്തികളിലേക്കോ അല്ല നോക്കേണ്ടത്. സ്വന്തം ഉള്ളിലേക്കുമല്ല. മറിച്ച് എന്നെ മെനഞ്ഞവൻ എപ്പോഴും എന്റെ കൂടെയുണ്ട്. അപ്പോൾ എനിക്ക് ഉദ്ദേശം തെറ്റുകയില്ല. അവൻ എന്നെ അവന്റെ ഹിതപ്രകാരം ഉപയോഗിക്കാനായി മെനഞ്ഞു എന്ന് നാം വിശ്വസിക്കുന്നുവെങ്കിൽ അതിനായി പൂർണ്ണ സന്തോഷത്തോടെ സമർപ്പിച്ചു കൊടുക്കാം. അപ്പോഴാണ് എന്നിലൂടെ ദൈവനാമം മഹത്വപ്പെടുന്നത്. അതിനായി സമർപ്പിക്കാം പ്രാർത്ഥിക്കാം.

പരാമർശം :

എഫേസ്യർ 1:11–12

"തന്റെ ഹിതത്തിന്റെ ആലോചനപോലെ സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയ പ്രകാരം മുന്നിയമിക്കപ്പെട്ടതു മുമ്പിൽകൂട്ടി ക്രിസ്തുവിൽ ആശവെച്ചവരായ ഞങ്ങൾ അവന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്ക് ആകേണ്ടതിന്നു തന്നേ."

സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 051